പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3420

18-02-2013 – ൽ മറുപടിയ്ക്ക്

## മാലാക്കായലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന ചിറക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മാലാക്കായൽ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പണി നിറുത്തിവച്ചിട്ട് എത്ര മാസമായി ; പണി ആരംഭിക്കുവാൻ ഗവൺമെന്റ് നാളിതുവരെ സ്വീകരിച്ച നടപടി അറിയിക്കുമോ;

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്- XII -ൽ ഉൾപ്പെടുത്തി ഇംപ്ലിമെന്റിംഗ് ഏജൻസിയായ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കിവരുന്നതിനിടയിൽ കൊല്ലം ജില്ലാ കോടതിയുടെ ഇൻജംഗ്ഷൻ ഓർഡർ പ്രകാരം മാലാക്കായൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ നിറുത്തി വച്ചിട്ട് ഏകദേശം 23 മാസമായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കേസുകൾ ഹൈക്കോടതിയിൽ നടന്നുവരികയാണ്. ഇവ തീർക്കുന്നതിന് കെ.എൽ.ഡി.സി നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നതിനും കെ.എൽ.ഡി.സി CESS, KCZMA അതോറിറ്റികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേയ്ക്കും തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി കഴിഞ്ഞ നാലു മാസങ്ങൾക്കുള്ളിൽ എത്ര അവലോകന യോഗങ്ങൾ നടത്തിയെന്നും അതുമൂലം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) അഞ്ച് അവലോകന യോഗങ്ങൾ നടന്നു. കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിന് പുതിയൊരു സ്റ്റാൻഡിംഗ് കൗൺസലിനെ കെ.എൽ.ഡി.സി നിയോഗിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ പദ്ധതി

പൂർത്തീകരണ കാലാവധി നീട്ടുന്നതിനായി നബാർഡിൽ അപേക്ഷിക്കുകയും 31-3-2013 വരെ നീട്ടികിട്ടുകയും ചെയ്തിട്ടുണ്ട്.

(സി) ഉന്നതതല അവലോകന യോഗങ്ങൾ നടത്തിയശേഷം നിലവിലുള്ള കേസുകൾ ഒഴിവാക്കി കിട്ടുവാൻ എന്തൊക്കെ നടപടികൾ ഉണ്ടായി;

പുരോഗതി അറിയിക്കുമോ ; കേസ് തീർക്കുവാൻ നാളിതുവരെ നടപടി ഉണ്ടായില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി) മാലാക്കായൽ ബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു മുതിർന്ന അഭിഭാഷകനെ കെ.എൽ.ഡി.സി ചുമതലപ്പെടുത്തിയിട്ടുണ്ട്. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ സ്റ്റോപ്പ് മെമ്മോ ഒഴിവാക്കുന്നതിനും കെ.എൽ.ഡി.സി നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ